**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192 — 05.02.2018 -ൽ മറുപടിക്ക്

## വിനോദസഞ്ചാര വികസനം

**ചോദ്യം**

ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. ആന്റണി ജോൺ
ശ്രീ. ഒ.ആർ. കേളു
ശ്രീ. കെ. ആൻസലൻ

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) പ്രദേശവാസികൾക്ക് വരുമാന ദായകമായ തൊഴിലും വികസനവും ഉറപ്പുവരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുമെന്ന വിനോദ സഞ്ചാരനയത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

എ) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പുവരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുമെന്ന വിനോദ സഞ്ചാരനയത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പ്രധാന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. പ്രസ്തുത പദ്ധതിയുടെ സ്ഥിരവും സ്ഥായിയും ഫലപ്രദവുമായ നിർവഹണത്തിനായി സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ചുരുക്കം ചില കേന്ദ്രങ്ങളിൽ മാത്രമായി നടന്നു വന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേയ്ക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ

വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. വ്യാപകമായ അവബോധശിൽപശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങളാണ്. മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50,000 പേർക്കു തൊഴിൽ പരിശീലനം നൽകാനും മിഷന് ചുമതലയുണ്ട്. പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങളാണ്.

ബി) ഗ്രാമപ്രദേശങ്ങളിൽ കൂടി വിനോദസഞ്ചാര വികസനത്തിന്റെ പ്രയോജനം പ്രാപ്യമാക്കാനായി തയ്യാറാക്കിയിട്ടുള്ള പാക്കേജുകൾ

ബി) ഗ്രാമപ്രദേശങ്ങളിൽ കൂടി വിനോദസഞ്ചാര വികസനത്തിന്റെ പ്രയോജനം പ്രാപ്യമാക്കാനായി തയ്യാറാക്കിയിട്ടുള്ള പാക്കേജുകളാണ് സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ. ഗ്രാമപ്രദേശങ്ങളിൽ വിനോദസഞ്ചാരത്തിന്റെ പ്രയോജനം പ്രാപ്യമാക്കുന്നതിനായി മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭി

| | | | |
|---|---|---|---|
| | എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | | ച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക ടൂറിസം സാദ്ധ്യതകൾ ജനപങ്കാളിത്തത്തോടെ കണ്ടെത്തുന്ന ടൂറിസം റിസോർസ് മാപ്പിങ്ങും ടൂറിസം റിസോർസ് ഡയറക്ടറി തയ്യാറാക്കലും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. "തീർച്ചയായും കണ്ടിരിക്കേണ്ട കേരളീയ ഗ്രാമങ്ങൾ "എന്ന നിലയിൽ ഒരു ക്യാമ്പയിൻ പരിപാടി ഗ്രാമീണ ടൂറിസം വികസിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കി തുടങ്ങുന്നുണ്ട്. |
| സി) | ഉത്തരവാദിത്ത വിനോദസഞ്ചാരം വഴിയുള്ള സാമ്പത്തിക ശാക്തീകരണത്തിന് വേണ്ടിയുള്ള ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ലക്ഷ്യമിടുന്ന പെപ്പർ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | സി) | ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹ ത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് പെപ്പർ(പീപ്പിൾസ് പാർട്ടിസിപ്പേറ്ററി ടൂറിസം പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം). ടൂറിസം മേഖലയിൽ കേരളം സൃഷ്ടിച്ച ജനകീയ മാതൃക കളിൽ ഏറ്റവും പുരോഗമനപരമായ ചുവടുവെയ്പാണ് പെപ്പർ ടൂറിസം പദ്ധതി. ടൂറിസം വികസനം മുകളിൽ നിന്നുള്ള പ്രഖ്യാപനങ്ങൾ അല്ല മറിച്ച് പ്രാദേശിക ജനകീയ ചർച്ചകളിലൂടെ ഗ്രാമസഭകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ സ്വാംശീകരിച്ച് ഉത്തര വാദിത്ത ടൂറിസം മിഷനിലൂടെ സമർപ്പിക്കുകയും അവ അംഗീകരിച്ച് നിർവഹണം നടത്തുകയും ചെയ്യുകയാണ് പെപ്പർ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടത്തേണ്ട പ്രവർത്തന ങ്ങൾ തീരുമാനിയ്ക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുന്ന ആസൂത്രണ പ്രക്രിയയാണിത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ